പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **4691** **27. 06. 2014-** ലെ മറുപടി

ഇറാഖിലെ മലയാളികൾക്ക് സഹായം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| ഇറാഖിൽ നടന്നുകൊണ്ടിരിക്കുന്ന ഭീകരപ്രവർത്തനം കണക്കിലെടുത്ത് നോർക്ക വകുപ്പ് ഇറാഖിൽ ജോലി ചെയ്യുന്ന മലയാളികളുടെ സഹായത്തിനും സുരക്ഷയ്ക്കുമായി എന്തെങ്കിലും മുൻകരുതൽ നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഇറാഖിലെ ആഭ്യന്തര പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടയുടൻ തന്നെ ബാഗ്ദാദിലെ ഇന്ത്യൻ എംബസ്സിയുമായി ബന്ധപ്പെട്ട് സ്ഥിതി ഗതികൾ വിലയിരുത്തി തുടർ നടപടികൾ എന്ന നിലയിൽ 24 മണിക്കൂറും സജീവമായ ഹെൽപ് ലൈൻ സംവിധാനം നോർക്ക-റൂട്ട്സിൽ ഏർപ്പെടുത്തുകയും ഇതിൽ നാട്ടിലുള്ള കുടുംബാംഗങ്ങൾ ഉൾപ്പടെ 204 പേർ ഇതു വരെ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇറാഖിൽ കുടുങ്ങിയതായി വിവരം ലഭ്യമായ എല്ലാ പേരുമായും ബന്ധപ്പെട്ടുവരുന്നുണ്ട്. ഇവരെ നാട്ടിലെത്തിക്കുന്നതിനും സുരക്ഷ ഉറപ്പാക്കുന്നതിനും കേന്ദ്രസർക്കാരിന്റെ അടിയന്തിര ഇടപെടൽ ഉണ്ടാകണമെന്നും ചർച്ച നടത്തി അവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. ഇവരെ സുരക്ഷിതരായി തിരികെ നാട്ടിലെത്തിക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും എംബസ്സിയുമായി ചേർന്ന് സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ